ശ്രീ. സി. വാസുദേവ മേനോൻ : സർ, കുടിവെള്ളമെത്തിക്കുന്നതിന് അടിയന്തിരമായി എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : കുടിവെള്ളം വരൾച്ചബാധിത പ്രദേശങ്ങളിലൊക്കെ കൊടുക്കാൻ ജില്ലാകളക്ടർക്ക് പ്രത്യേക നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ പ്രദേശത്തിന്റെ കാര്യവും പ്രത്യേകമായി പരിഗണിക്കുന്നതാണ്.

(12) വാഴൂർ—ചങ്ങനാശ്ശേരി മണ്ഡലത്തിലെ ജലവിതരണ പദ്ധതികൾ

ശ്രീ. കാനം രാജേന്ദ്രൻ : സർ, വാഴൂർ നിയോജക മണ്ഡലത്തിൽപ്പെട്ട കറുകച്ചാൽ, വാകത്താനം പഞ്ചായത്തുകളും ചങ്ങനാശ്ശേരി മണ്ഡലത്തിൽപ്പെട്ട മാടപ്പള്ളി പഞ്ചായത്തും ഉൾപ്പെടുത്തി സമഗ്രമായ ഒരു ജലവിതരണ പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഉടനെ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ വെള്ളാവൂർ, വാഴൂർ പഞ്ചായത്തുകളും, കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമല പഞ്ചായത്തും ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതിയ ജലവിതരണ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ ആരംഭിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ ജോലികൾ ഉടനെ പൂർത്തിയാക്കി ഈ പദ്ധതി പ്രാവർത്തികമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കറുകച്ചാൽ, വാകത്താനം, മാടപ്പള്ളി പഞ്ചായത്തുകളുൾപ്പെട്ടിട്ടുള്ള ജലവിതരണത്തെ സംബന്ധിച്ചുള്ള റിപ്പോർട്ട് ചീഫ് എൻജിനീയർ ഓഫീസിൽ കിട്ടിക്കഴിഞ്ഞിട്ടുണ്ട്, അത് അവർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അത് പരിശോധിച്ച് കഴിഞ്ഞാൽ ഗവൺമെന്റ് അതിൻമേൽ തുടർന്നുള്ള നടപടി നടത്തി കേന്ദ്രഗവൺമെന്റിലേക്ക് അയച്ചുകൊടുത്ത് അനുവാദം വാങ്ങിക്കുന്നതായിരിക്കും. അതിനുള്ള സത്വരമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെ വെള്ളാവൂർ, വാഴൂർ, മണിമല എന്നീ പഞ്ചായത്തുകളിലെ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ കംപ്ലീറ്റ് ചെയ്തു കഴിഞ്ഞ് അവരുടെ റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാൽ ബാക്കിയുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റുമൊക്കെ തയ്യാറാക്കി അംഗീകാരത്തിനായി അയ്ക്കുന്നതാണ്.

(13) അരൂർ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ പണി

ശ്രീമതി കെ ആർ. ഗൗരി : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട രണ്ടു ഭാഗങ്ങൾ ഒന്ന് ചാവടി പള്ളിത്തോട് റോഡിൽ പള്ളിത്തോട് കടത്തുകടവിൽനിന്ന് പടിഞ്ഞാറ് പള്ളിത്തോട്ടിലേക്ക് ഇട്ടിരിക്കുന്ന ഒരു പാലം. രണ്ടാമത് എഴുപുന്ന-നീണ്ടകര റോഡിൽ കമ്പനാംതുരുത്ത് പ്രദേശത്ത് എഴുപുന്നയേയും നീണ്ടകരയേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

പാലം. ഈ രണ്ടു പാലവും പണിതീരാതെ വന്നതിന്റെ ഫലമായി അന്ധകാരനഴി മുതൽ ചെല്ലാനം വരെയും അതുപോലെ കുമ്പളങ്ങിവരെയും ഉള്ള പടിഞ്ഞാറൻ പ്രദേശത്തു താമസിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് കിഴക്കൻ inland ഫിഷിംഗിനുള്ള സൗകര്യം ഇല്ലാതെ വന്നതിന്റെ ഫലമായി വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. ചാവടി പള്ളിത്തോടു റോഡ്. 1947-ൽ പള്ളിത്തോടു മുക്കുവരെ നീട്ടി. 1957-ൽ പള്ളിത്തോടുമുക്കു നിന്ന് അത് വടക്കോട്ട് ചെല്ലാനംവരെയുള്ള പ്രദേശത്തേക്ക് മാറി. ഇതു കഴിഞ്ഞതിനുശേഷം പള്ളിത്തോടുപാലം തീരാതെ വന്നതിന്റെ ഫലമായി പള്ളിത്തോടു പാലം എടുക്കാതെയും വർക്ക് ചെയ്യാതെയും വന്നതിന്റെ ഫലമായി 1980-ൽ ആ പാലത്തെ സംബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തി 1981-82-ലെ ബഡ്ജറ്റിൽ പ്രൊവിഷൻ കൊള്ളിച്ചതാണ്. ഇപ്പോൾ മനസ്സിലാക്കുന്നത് കഴിഞ്ഞകൊല്ലം ആ പാലത്തിന് കൊള്ളിച്ചിരുന്നതായിട്ടുള്ള പ്രൊവിഷൻ എടുത്തു കളഞ്ഞിരിക്കുന്നു, ബഡ്ജറ്റിൽ ഇല്ലാതായിരിക്കുന്നു എന്നാണ്. ഈ കൊല്ലത്തെ ബഡ്ജറ്റിൽ അതുണ്ടോയെന്ന് അറിയില്ല. ആ പാലത്തെ സംബന്ധിച്ചും അതുപോലെ തന്നെ കൊമ്പനാം തുരുത്തിയിലേക്കു വരുന്നതായിട്ടുള്ള നീണ്ടകരയുമായിട്ട് ബന്ധിപ്പിക്കുന്നതായിട്ടുള്ള ഒരു പാലം അതും ബഡ്ജറ്റിൽ പ്രൊവിഷനുള്ളതാണ്. ഞാൻ കഴിഞ്ഞപ്രാവശ്യം വെള്ളപ്പൊക്കം വന്ന കാലത്തും അതിനോടനുബന്ധിച്ചും മന്ത്രിയെക്കാണാൻ വന്നയവസരത്തിൽ മന്ത്രിയുടെ അടുക്കൽപ്പോലും ഈ രണ്ടു പാലത്തിനേറെയും കാര്യത്തിൽ നിവേദനം നടത്തി. ഇന്നും ഞാൻ മനസ്സിലാക്കുന്നത് പള്ളിത്തോട് പാലത്തിനേറെതായിട്ടുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സൂപ്രണ്ടിംഗ് എൻജിനീയർ ഓഫീസിൽ കെട്ടിക്കിടക്കുകയാണ് എന്നാണ്. സൂപ്രണ്ടിംഗ് എൻജിനീയർ ഓഫീസിൽ പോയി അത് എടുപ്പിക്കാൻ അദ്ദേഹത്തോട് പലപ്രാവശ്യം പറഞ്ഞുനോക്കി. ഇതേവരെ റിപ്പോർട്ട് പോയിട്ടില്ല. ഈ പ്രാവശ്യത്തെ ബഡ്ജറ്റിൽ തുകയുണ്ടോയെന്ന് അറിയില്ല. അന്ധകാരനഴി മുതൽ കുമ്പളങ്ങിവരെയുള്ള പ്രദേശത്ത് മൽസ്യത്തൊഴിലാളികളും അല്ലാത്തവരും താമസിക്കുന്ന കടപ്പുറംമാണ്. കിഴക്ക് വേമ്പനാട്ടു കായൽ ഇടക്ക് പൊഴിച്ചാൽ. ആ പൊഴിച്ചാലിന്റെ അടുത്തുള്ള ഒരു ചെറിയ പ്രദേശമാണ് ഇത്. ഈ പ്രദേശത്തിനപ്പുറത്ത് അരബിക്കടലാണ്. ഈ പ്രദേശത്ത് 1948-ൽ തീർന്ന ഒരു റോഡ് ഉണ്ട്. അതിനോടനുബന്ധിച്ച് 1957-ൽ രണ്ടാമത്തെ റോഡു പണിതീർത്തു. ആ രണ്ടു റോഡും കൂട്ടിച്ചേർക്കാൻ വന്ന പാലത്തിന് ബഡ്ജറ്റിൽ ഉണ്ടായിരുന്ന തുകപോലും എടുത്തുകളഞ്ഞു. ഈ പരിതഃസ്ഥിതിയിൽ മന്ത്രിയോടു സംസാരിച്ചപ്പോൾ എന്നോട് രണ്ടു പാലങ്ങൾക്കുവേണ്ടിയും എഴുതിതരാൻ പറഞ്ഞു. ഞാൻ അദ്ദേഹത്തിന് എഴുതി. ഒടുവിൽ എനിക്ക് മറുപടി വന്നത് എന്താണെന്നോ ? Flood-ൽ പുതിയതായിട്ടുള്ള പാലങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല, ഇത് പഴയതിൽ ഉൾപ്പെട്ടിട്ടുള്ള പാലമാണ് എന്നാണ്. Flood-ൽ പുതിയ പാലങ്ങൾ എടുക്കുന്നതും പുതിയ റോഡുകൾ എടുക്കുന്നതും എനിയ്ക്കറിയാം. P.W D. head-ൽ പണം പോരാതെ വന്നതും Flood-ൽ ചെലവാകാതെവന്ന പണം ഉപയോഗിച്ചുകൊണ്ട് പുതിയ പാലങ്ങളും പുതിയ റോഡുകളും എടുത്തതിന്റെ കഥ എത്രവേണമെങ്കിലും പറയാം. ശരിക്ക് സാധാരണ നിലയിൽ ആളുകൾ കേട്ടാൽ നേരെന്നു തോന്നിക്കത്തക്ക വിധത്തിൽ ഒരു മറുപടിയും കിട്ടിയില്ല. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിൽ പുതിയ റോഡുകൾ എടുക്കുകയില്ല. ബഡ്ജറ്റിൽ ഉണ്ടായിരുന്നത് എടുത്തുകളഞ്ഞു. 1965 മുതൽ ഈ പ്രദേശത്തെ പ്രതിനിധീകരിക്കുന്നത് ഞാനാണ്. ഇത് ഇവിടെ ഉന്നയിക്കേണ്ടിവന്നതിൽ എനിക്കു നാണക്കേടുണ്ട്. ഇത് ഉന്നയിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിനിടയാക്കിയ സാഹചര്യത്തെപ്പറ്റി പറയുകയാണ്. ബഡ്ജറ്റിൽ കൊള്ളിച്ചിരുന്ന തുക എടുത്തു കളഞ്ഞിട്ട് ഇതിവിടെ ഉന്നയിപ്പിക്കരുതായിരുന്നു. കോൺഗ്രസ്സിൽപ്പെടുന്ന ആളുകൾ എനിയ്ക്കെതിരായി പ്രക്ഷോപണം നടത്താൻ ഒരു കമ്മിറ്റിയേയും ഫോം ചെയ്തു. ആ വിധത്തിലുള്ള ഒരു നീക്കം വന്നിരിക്കുന്നു. അതുകൊണ്ട് ഈ രണ്ടു റോഡുകളും ഈ രണ്ടു പാലങ്ങളും തീർക്കുന്നതിന് അതിനേറ്റമയിട്ടുള്ള എസ്റ്റിമേറ്റുകളും മാറ്റും എടുത്ത് ഉടൻതന്നെ പണിയാരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, ഇവിടെ കിട്ടിയ നോട്ടീസിൽ രണ്ട് പാലങ്ങളെക്കുറിച്ച് മാത്രമേ പറഞ്ഞിട്ടുള്ളൂ. പാലടിച്ചന്ത-പള്ളിത്തോട് റോഡിലുള്ള പള്ളിത്തോട് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പോലും നടന്നിട്ടില്ല, അതു സംബന്ധമായ ഫയൽ സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസിൽ കെട്ടിക്കിടക്കുകയാണ്എന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. അതു ശരിയല്ല. ഇതിന്റെ ഇൻവെസ്റ്റിഗേഷനെല്ലാം കഴിഞ്ഞു. അതിന്റെ ഡിസൈനിംഗും പൂർത്തിയായിക്കഴിഞ്ഞു. ഇനി അതിന്റെ എസ്റ്റിമേറ് തയ്യാറാക്കി ഭരണാനുമതി നൽകി പണി ആരംഭിച്ചാൽമതി. അതിന് പതിനായിരം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം മുറപോലെ നടക്കും. കമ്പനാംതുരത്ത് പാലത്തിനെ സംബന്ധിച്ച പ്രപ്പോസൽ ഇപ്പോൾ ഗവൺമെന്റിനില്ല. അതൊരു പഞ്ചായത്തുറോഡാണ്. അതുകൊണ്ട് അവിടെയിപ്പോൾ പാലം കെട്ടാനുള്ള പ്രപ്പോസലില്ല.

(14) കയർ മേഖലയിലെ തകർച്ച

ശ്രീ. തച്ചടി പ്രഭാകരൻ : സർ, കേരളത്തിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായമായ കയർവ്യവസായത്തിൽ 5 ലക്ഷത്തോളം ആളുകൾ പണിയെടുക്കുന്നുണ്ട്. ഈ വ്യവസായം ഇന്ന് ഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. കയർ വ്യവസായം പുനഃസംഘടിപ്പിക്കുന്നതിനു വേണ്ടി സഹകരണമേഖല ഈ രംഗത്ത് വരണമെന്ന് കേന്ദ്രഗവൺമെന്റും സംസ്ഥാനഗവൺമെന്റും ആഗ്രഹിച്ചിട്ടുള്ളതാണ്. എന്നാൽ ഇന്ന് മാർക്കറ്റിംഗ് ഫെഡറേഷനിൽ ഏകദേശം 5.68 കോടി രൂപയുടെ കയറും പ്രാഥമിക സഹകരണസംഘങ്ങളിൽ ഒന്നര കോടി രൂപയുടെ കയറും വിറ്റഴിയാതെ കെട്ടിക്കിടക്കുകയാണ്. സഹകരണമേഖലയിൽ മാത്രമല്ല, സ്വകാര്യ മേഖലയിലും കയർ വിറ്റഴിയാതെ കെട്ടിക്കിടക്കുകയാണ്. ഈ ഗുരുതരമായ പ്രതിസന്ധിയിൽ ഗവൺമെന്റിന്റെ അടിയന്തിരശ്രദ്ധ പതിയേണ്ടതാണ് ഏറ്റവും വലിയ ആവശ്യം. ഇന്ന് കെട്ടിക്കിടക്കുന്ന കയർ വിറ്റഴിക്കാൻ മാർക്കറ്റില്ല. പ്രാഥമിക സഹകരണ സംഘങ്ങൾ കയറിന് വില കൊടുക്കാതിരിക്കുന്നതുകൊണ്ട് തൊഴിലാളികൾക്ക് കൂലി കൊടുക്കാനും നിവൃത്തിയില്ല. ജനുവരി മുതൽ മേയ്വരെ തൊണ്ട് സംഭരിക്കേണ്ട സീസണാണ്. എന്നാൽ തൊണ്ട് സംഭരിക്കാൻ പ്രാഥമിക സഹകരണസംഘങ്ങൾക്ക് കഴിയാത്ത ഒരു ദുഃസ്ഥിതിയുണ്ടായിരിക്കുകയാണ്. അതിന് പരിഹാരം കാണേണ്ടതു ഏറ്റവും വലിയ ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ ഈ പരമ്പരാഗതവ്യവസായം സ്തംഭിച്ചതിന്റെ ഫലമായി തീരദേശം മുഴുവൻ പട്ടിണിയിലാണ്. 1981-82-ൽ ഇതുപോലുള്ള ഗുരുതരമായ

LIBRARY ARCHIVES Kerala Legislative Assembly